# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4838 26.06.2019 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകൾ മാറ്റിവയ്ക്കുന്ന പരീക്ഷകൾ

*ചോദ്യം*

ശ്രീ.ഷാഫി പറമ്പിൽ

*ഉത്തരം*

**ഡോ.കെ.ടി.ജലീൽ**

**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | വിവിധ കാരണങ്ങളാൽ സർവ്വകലാശാലകൾ മാറ്റിവയ്ക്കുന്ന പരീക്ഷകൾ ഞായർ ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ, ഇതുസംബന്ധിച്ച് എന്തെങ്കിലും വിയോജിപ്പ് ആരെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഇതുസംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ബി) | ഈ അദ്ധ്യായന വർഷം മുതൽ എല്ലാ സർവ്വകലാശാലകളുടെയും പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫല പ്രഖ്യാപനം എന്നിവ ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) & (സി) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാകലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. |
| (സി) | ഇതിനായി ഏകീകൃത കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ; | | |

..................2

| | | | |
|---|---|---|---|
| (ഡി) | എല്ലാ സർവ്വകലാശാലകളിലെയും പരീക്ഷകളുടെയും പരീക്ഷാഫലം നിശ്ചിത തീയതിക്ക് മുമ്പ് പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ഡി) | നൽകിയിട്ടുണ്ട്. |
| (ഇ) | സർവ്വകലാശാലകളിലെ ബിരുദ / ബിരുദാനന്തര കോഴ്സുകളുടെ പകുതി സെമസ്റ്റർ പരീക്ഷകളുടെ നടത്തിപ്പ് കോളേജ് അധികൃതരെ ഏല്പിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള തീരുമാനം എന്താണ്? | (ഇ) | സർവ്വകലാശാലകളിലെ ബിരുദ/ ബിരുദാനന്തര കോഴ്സുകളുടെ പകുതി സെമസ്റ്റർ പരീക്ഷകളുടെ നടത്തിപ്പ് കോളേജ് അധികൃതരെ ഏല്പിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ